പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5410 01.07.2014 ലെ മറുപടിയ്ക്ക്

കെ. എസ്. എഫ്. ഇ. ജീവനക്കാരുടെ വിരമിക്കൽ പ്രായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എം. ഷാജി : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കെ. എസ്. എഫ്. ഇ. ജീവനക്കാരുടെ നിലവിലെ പെൻഷൻ പ്രായം ഉയർത്താൻ വേണ്ടി കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിൽ ഏതെങ്കിലും തരത്തിലുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | കെ. എസ്. എഫ്. ഇ. ജീവനക്കാരുടെ നിലവിലെ പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം കമ്പനിയിലെ ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കെ.എസ്.എഫ്.ഇ-യുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ച ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കെ.എസ്.എഫ്.ഇ.യുടെ നിലവിലെ ഘടനയിൽ മാറ്റം വരുത്താൻ വേണ്ടി മാനേജ്മെന്റ് പുതിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; ഇതിൽ തീരുമാനമെടുത്തിട്ടുണ്ടോ ; | (ബി) | സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുകയും കെ.എസ്.എഫ്.ഇ-യുടെ സമഗ്രമായ വികസനം മുന്നിൽ കണ്ട്, കമ്പനിയുടെ പ്രവർത്തനങ്ങൾ Re-engineering നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊഫഷണൽ ഏജൻസിവഴി പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കെ. എസ്. എഫ്. ഇ.യ്ക്ക് നിലവിൽ മുഴുവൻ സമയ പ്രവർത്തകനായ മാനേജിംഗ് ഡയറക്ടർ ഉണ്ടോ ; തൽസ്ഥാനത്ത് ഒരു സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കെ. എസ്. എഫ്. ഇ.യിൽ മാനേജിംഗ് ഡയറക്ടറുടെ തസ്തികയിൽ ഇൻ-ചാർജ്ജായി മുഴുവൻ സമയ പ്രവർത്തകനായ ഉദ്യോഗസ്ഥനുണ്ട്. സിവിൽ സർവ്വീസിൽ നിന്നും ഉദ്യോഗസ്ഥനെ നിയമിക്കുന്നകാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.